**വിഴിഞ്ഞം തുറമുഖ വികസനത്തിനായി എസ്.ബി.ടി.യുടെ നേതൃത്വത്തിൽ കൺസോർഷ്യം**

**12 (*12)** ശ്രീ. ജോർജ് മേഴ്സിയർ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായി എസ്.ബി.റ്റി.യുടെ നേതൃത്വത്തിൽ ഒരു കൺസോർഷ്യം രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കൺസോഷ്യത്തിൽ മറ്റേതൊക്കെ ബാങ്കിംഗ് സ്ഥാപനങ്ങൾ പങ്കാളികളാകുമെന്നാണ് അറിയിച്ചിട്ടുള്ളത് ;

(സി) എത്ര കോടി രൂപയുടെ വായ്പയാണ് ഈ കൺസോർഷ്യത്തിലൂടെ സമാഹരിക്കാൻ ലക്ഷ്യമിടുന്നത് ;

(ഡി) തുറമുഖ നിർമ്മാണത്തിനായി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ;

(ഇ) ടെർമിനലിന്റെ നിർമ്മാണത്തിന് എന്തു തുകയാണ് വേണ്ടത് ;

(എഫ്) തുറമുഖ നിർമ്മാണത്തിനും ടെർമിനലിനുമായി ആകെ എത്ര സ്ഥലമാണ് വേണ്ടത് ;

(ജി) ഇതിൽ കടൽ നികത്തി എത്ര സ്ഥലം ലഭ്യമാക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(എച്ച്) ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനുള്ള തുക സമാഹരിക്കുന്നതിന് എസ്.ബി.റ്റി. യുടെ നേതൃത്വത്തിൽ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ബാങ്കുകളുടെ പ്രതിനിധികളുമായി ചർച്ച നടന്നുവരുന്നു.

(ബി) എസ്. ബി. റ്റി. യുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കൺസോർഷ്യത്തിൽ ചേരുന്നതിന് Punjab National Bank, Bank of Baroda, Cananra Bank, Allahabad Bank, Karnataka Bank, Central Bank of India, തുടങ്ങിയ ബാങ്കുകളും Hudco തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളും എഴുതി നൽകിക്കൊണ്ട് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) 2500 കോടി രൂപ വരെ സമാഹരിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

(ഡി) 2010 ഷെഡ്യൂൾ പ്രകാരം ഒന്നാം ഘട്ടം തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ ഏകദേശം 2600 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2010 ഷെഡ്യൂൾ പ്രകാരം ടെർമിനലിന്റെ നിർമ്മാണത്തിന് 967 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എഫ്) തുറമുഖ നിർമ്മാണത്തിനും ടെർമിനലിനുമായി 226 ഹെക്ടർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ജി) ഇതിൽ കടൽനികത്തി 106 ഹെക്ടർ ഭൂമി ലഭ്യമാക്കണം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(എച്ച്) 2010 ഒക്ടോബറിൽത്തന്നെ ഇതിനാവശ്യമായ അനുമതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. CRZ (Coastal Regulation Zone) ക്ലിയറൻസ് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാരിന്റെ അപേക്ഷയും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്ര സംഘം

13 (*13) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്രസംഘത്തെ നിയമിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സംഘത്തിൽ കേരളത്തിൽ നിന്നുമുള്ള പ്രതിനിധി വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവോ ;

(സി) കേന്ദ്രസംഘം പുതുതായി എന്തൊക്കെ പഠനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത് ;

(ഡി) പുതിയ പഠനസംഘത്തെ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ-ഡി) രാജ്യത്തൊട്ടാകെ എൻഡോസൾഫാന്റെ ഉല്പാദനവും, വിപണനവും, ഉപയോഗവും സ്ഥിരമായി നിരോധിക്കണമെന്നും, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കായി കേന്ദ്ര ധനസഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള സംസ്ഥാന കൃഷിമന്ത്രിയുടെ കത്തിനുള്ള കേന്ദ്ര കൃഷിമന്ത്രിയുടെ മറുപടിയിൽ ഒരു പഠന സമിതി

LIBRARY ARCHIVES Kerala Legislative Assembly